**റൂളിംഗ്**

ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ 2022 ജൂൺ 28-ാം തീയതി ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... 2022 ജൂൺ 27-ാം തീയതി ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ചംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേദിവസം സഭാസമ്മേളനത്തിന് മുമ്പുതന്നെ ദൃശ്യമാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചെന്നും തുടർന്ന് ശൂന്യവേളയിൽ പ്രസ്തുത നോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട സ്പീക്കർ, നോട്ടീസ് നൽകിയ അംഗത്തിന്റെ പേരുവിളിച്ചപ്പോൾ പ്രസ്തുത അംഗം സഭയിലുണ്ടായിരുന്നിട്ടും നോട്ടീസിന് അനുമതി തേടാനായി തന്റെ സീറ്റിൽ ഉണ്ടായിരുന്നില്ലെന്നും മേൽപ്പറഞ്ഞ രണ്ടു നടപടികളും സഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതുസംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകേണ്ടതാണെന്നുമാണ് ജൂൺ 28-ാം തീയതി ശ്രീ. മാത്യു ടി. തോമസ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം വിശദമായി പരിശോധിച്ച് അടുത്ത ദിവസം റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അപ്പോൾത്തന്നെ സഭയെ അറിയിക്കുകയും

ചെയ്തു.

തുടർന്ന് ചെയർ ഇക്കാര്യം നടപടിക്രമത്തിന്റെയും സഭാ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണം പാടില്ലെന്നതുസംബന്ധിച്ച സഭാചട്ടം 266-ൽ പറയുന്നത് ഇപ്രകാരമാണ്; "സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റു വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല. എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസംവരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല." ഇതാണ് ചട്ടം സംബന്ധിച്ച ഉദ്ദരണി. ചട്ടങ്ങളിൽനിന്ന് ഉദ്ദരിച്ചതാണ്. ചട്ടം വളരെ വ്യക്തമാണ്. സഭാനടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, പ്രചാരണം നൽകിയ സംഭവം അന്നേദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന് ചെയർ കരുതുന്നില്ല. സഭാനടപടി ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ട് ഉണ്ടാകുന്ന ഒരു വീഴ്ചയായി മാത്രം ഇതിനെ കാണാനുമാവില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും

ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച മറ്റൊരു പ്രശ്നം ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത നോട്ടീസിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ചെയർ ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യവും ചെയർ പരിശോധിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ നടത്തിയിരുന്ന പ്രതിഷേധ നടപടികളുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും, ശ്രീ. മാത്യു ടി. തോമസ് തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചതുപോലെ, സഭാ നടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണെന്നു തന്നെയാണ് ചെയറിന്റെയും അഭിപ്രായം. ഓർഡർ... ഓർഡർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ........(മൈക്ക് ഓഫ്).........

<u>മി. സ്പീക്കർ</u>: റൂളിംഗിനുമേൽ ചർച്ചയില്ല. താങ്കൾ പുതിയ റൂളിംഗിലേയ്ക്ക് കാര്യങ്ങൾ എത്തിക്കരുത്. മൈക്ക് അനുവദിക്കാം. വളരെ ചുരുക്കി സംസാരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമുക്ക് സബ്ജക്ട് കമ്മിറ്റികളുണ്ട്, നിയമസഭ കമ്മിറ്റികളുണ്ട്. ആ കമ്മിറ്റികളുടെ റിപ്പോർട്ടുകളോ അതുമായി ബന്ധപ്പെട്ട രേഖകളോ സ്പീക്കറുടെ മുമ്പിൽ എത്തുന്നതിനുമുമ്പുതന്നെ പത്ര സമ്മേളനങ്ങൾ നടത്തിയിട്ടുള്ള ഒത്തിരി സംഭവങ്ങൾ നമ്മുടെ സഭയിലുണ്ട്. അങ്ങയുടെ ഈ റൂളിംഗിൽ അതുപോലെയുള്ള കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചിരുന്നെങ്കിൽ നമുക്ക് കാര്യങ്ങൾ ഭംഗിയായി പോകുമായിരുന്നു. അതുകൂടി ആലോചിക്കണം.

മി. സ്പീക്കർ: നടാടെയല്ല ഇത്തരം പ്രവണതകളെന്ന് പറഞ്ഞിട്ടുണ്ട്. ഇതാദ്യമായിട്ട് സംഭവിച്ചതല്ല. ഓർഡർ... ഓർഡർ... 2022 ജൂൺ 28-ാം തീയതി ചൊവ്വാഴ്ച അടിയന്തരപ്രമേയ നോട്ടീസിനുമേൽ സഭയിൽ നടന്ന ചർച്ചയുടെ അവസാനം മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നിരയിൽപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല എന്നീ മുതിർന്ന അംഗങ്ങൾ സഭയിൽ ഹാജരല്ലയെന്ന് പരാമർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ഒരു കാര്യം സഭാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു. ശ്രീ. രമേശ് ചെന്നിത്തല വ്യക്തിപരമായ ആവശ്യങ്ങൾക്കായി ജൂൺ 17-ാം തീയതി മുതൽ ജൂലൈ

3-ാം തീയതി വരെ അമേരിക്ക സന്ദർശിക്കുന്നകാര്യം ചെയറിനെ അറിയിക്കുകയും ചെയറിന്റെ അനുമതി തേടുകയും ചെയ്തിരുന്നു. അക്കാരണത്താലാണ് അദ്ദേഹത്തിന് സഭയിൽ ഹാജരാകാൻ കഴിയാതെ ഇരുന്നതെന്ന് അറിയിക്കുന്നു.